## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**11/03/2015-ൽ മറുപടിക്ക്**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.815**

### സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെ ക്ഷാമം

**ചോദ്യം**

ശ്രീ. പി.ടി.എ. റഹീം

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ

(ആരോഗ്യവും കുടുംബക്ഷേമവും

ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെ ലഭ്യത കുറവായത് കാരണം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (എ) | സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെയും ആരോഗ്യ<br>വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള എല്ലാ<br>സർക്കാർ ആശുപത്രികൾക്കും ആവശ്യമായ മരുന്നു<br>കളും അനുബന്ധ ഉപകരണങ്ങളും പ്രസ്തുത വകു<br>പ്പുകളുടെ ഡയറക്ടർമാർ സാക്ഷ്യപ്പെടുത്തി<br>നൽകുന്ന വാർഷിക ഇൻഡന്റ് അനുസരിച്ച് കേരള<br>മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് ഇ-ടെ<br>ൻഡർ നടപടിക്രമങ്ങളിലൂടെ സംഭരിച്ച് വിവിധ ജില്ലാ<br>മരുന്നു സംഭരണ ശാലകളിലൂടെ വിതരണം ചെയ്തു<br>വരുന്നത്. 2014-15 സാമ്പത്തിക വർഷത്തേയ്ക്കാവ<br>ശ്യമായ മരുന്നുകളുടെ ഇൻഡന്റ് ആരോഗ്യ വിദ്യാ<br>ഭ്യാസ വകുപ്പിൽ നിന്നും 2014 ജനുവരി 10 നും<br>ആരോഗ്യ വകുപ്പിൽ നിന്ന് 2014 ജനുവരി 28 നും<br>ലഭിച്ചതനുസരിച്ച് കോർപ്പറേഷന്റെ ഡയറക്ടർ<br>ബോർഡിന്റെ നിർദ്ദേശാനുസരണം 2014 ജനുവരി<br>28 ന് ഇ-ടെൻഡർ ക്ഷണിച്ചുവെങ്കിലും 2014 മാർച്ച്<br>11 ന് കോർപ്പറേഷൻ റീ-ടെൻഡർ ക്ഷണിക്കു<br>കയുണ്ടായി. കൂടാതെ താമസം നേരിട്ട ഈ കാലയ<br>ളവിൽ ഏതെങ്കിലും അവശ്യമരുന്നുകൾക്ക് ക്ഷാമം<br>ഉണ്ടായാൽ അത് ആശുപത്രി തലത്തിൽ തന്നെ<br>വാങ്ങി മരുന്നില്ലാത്ത സാഹചര്യം ഒഴിവാക്കണം<br>എന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കൂടാതെ മനോരോഗ ചികിത്സ നടത്തുന്ന<br>ആശുപത്രികളിൽ ഏതെങ്കിലും മരുന്നിന്റെ ലഭ്യതകുറ<br>വായാൽ (കോർപ്പറേഷനിൽ ലഭ്യമല്ലാത്ത മനോരോഗ<br>ചികിത്സയ്ക്കുള്ള മരുന്നുകൾ) ആശുപത്രി തലത്തിൽ<br>തന്നെ വാങ്ങി മരുന്നിന്റെ ലഭ്യത ഉറപ്പു<br>വരുത്തുന്നതിനായും സർക്കാർ ഉത്തരവ് പുറപ്പെടു<br>വിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ